UNSTARRED QUESTIONS AND ANSWERS

പട്ടാഴി ദേവസ്വം സെറ്റിൽമെന്റ് ഉദ്യോഗസ്ഥൻ.

62. [1] ശ്രീ. ഡി. ദാമോദരൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാഴി ദേവസ്വം സെറ്റിൽമെന്റ് നടത്തുന്നതിനുവേണ്ടി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ആരാണ് ;

(ബി) ഈ ഉദ്യോഗസ്ഥനു് പെൻഷൻ ആകാൻ ഇനി എത്ര് കാലാവധിയുണ്ട് ;

(സി) പെൻഷൻ ആകാറായ ഒരാളെ നിയമിക്കുവാൻ പ്രത്യേക കാരണങ്ങളും വല്ലതും ഉണ്ടോ ;

(ഡി) ഈ ഉദ്യോഗസ്ഥന്റെ സർവ്വീസ് പെൻഷനുശേഷവും നീട്ടിക്കൊടുക്കുവാൻ ആലോചന ഉണ്ടോ ?

ഉത്തരം.

(എ) ശ്രീ. പി. ജെ. ഫിലിപ്പ്.

(ബി) 1965 ഫെബ്രുവരി 23-ാം തീയതിവരെ കാലാവധി ഉണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

ആമയിഴഞ്ചാൻ തോട്.

63. [2] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിലെ ഉള്ളൂർ, പട്ടം, കണ്ണമ്മൂല ആനയറ എന്നിവിടങ്ങളിലൂടെ ഒഴുകിപ്പോകുന്ന ആമയിഴഞ്ചാൻ തോട്ടിലെ, മഴക്കാലത്തുള്ള കഠിനമായ വെള്ളപ്പൊക്കംമൂലം പലപ്പോഴും നിരവധി വീടുകളും, വസ്തുവകകളും നഷ്ടപ്പെട്ടുവരുന്ന വിവരം ഇതിനകം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സിറ്റിയിലെ വെള്ളപ്പൊക്കവും അതുമൂലമുള്ള നാശനഷ്ടങ്ങളും ഒഴിവാക്കുവാൻവേണ്ടി ഈ തോടിന്റെ ഇരുകരകളിലും ഭിത്തികെട്ടാൻ എന്തെങ്കിലും നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് എവിടംവരെയാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഈ) ആവശ്യമായ നടപടികളും സ്വീകരിക്കാൻ ഇനിയെങ്കിലും ദയവുണ്ടാകുമോ ?

ഉത്തരം.

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഉള്ളൂർ പാലം മുതൽ ആക്കുളം കായൽവരെയുള്ള, പ്രസ്തുത തോടിന്റെ ഒടുവിലത്തെ ആറു മൈൽ നീളം ജോലിയ്ക്കു വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഉള്ളൂർ പാലം മുതലുള്ള ആദ്യത്തെ ഒരു മൈൽ നീളവും, കണ്ണമ്മൂല പാലം മുതൽ താഴോട്ട് 1000 അടി നീളവും ജോലി പൂർത്തിയായി. അതുമുതൽ 3000 അടി ദൂരം വരെയുള്ള തോട് നന്നാക്കുന്നതിന് എസ്റ്റിമേറ്റ് അനുവദിക്കുകയും. ജോലി ഉടനെ തുടങ്ങുന്നതിനുള്ള നടപടികളും എടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി, ഈ) ചോദ്യം ഉദിക്കുന്നില.

LIBRARY ARCHIVES Kerala Legislative Assembly